പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 227

# 2024-ലെ കേരള വിദ്യാർത്ഥികളുടെ (വിദ്യാലയങ്ങളിലെ) രേഖകളിൽ ജാതി, മതം എന്നിവ രേഖപ്പെടുത്തുന്നത് ഒഴിവാക്കി ജാതി രഹിത വിദ്യാർത്ഥി സമൂഹം ഉറപ്പാക്കൽ ബിൽ.

(ശ്രീ. വി. ആർ. സുനിൽ കുമാർ, എം. എൽ. എ. നോട്ടീസ് നൽകിയത്)

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 227

**2024-ലെ കേരള വിദ്യാർത്ഥികളുടെ (വിദ്യാലയങ്ങളിലെ) രേഖകളിൽ ജാതി, മതം എന്നിവ രേഖപ്പെടുത്തുന്നത് ഒഴിവാക്കി ജാതി രഹിത വിദ്യാർത്ഥി സമൂഹം ഉറപ്പാക്കൽ ബിൽ.**

(ശ്രീ. വി. ആർ. സുനിൽ കുമാർ, എം. എൽ. എ. നോട്ടീസ് നൽകിയത്)

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 227

# 2024 -ലെ കേരള വിദ്യാർത്ഥികളുടെ (വിദ്യാലയങ്ങളിലെ)രേഖകളിൽ ജാതി, മതം എന്നിവ രേഖപ്പെടുത്തുന്നത് ഒഴിവാക്കി ജാതി രഹിത വിദ്യാർത്ഥി സമൂഹം ഉറപ്പാക്കൽ ബിൽ.

(ശ്രീ. വി. ആർ. സുനിൽ കുമാർ, എം.എൽ.എ. നോട്ടീസ് നൽകിയത്)

സംസ്ഥാനത്ത് ജാതി രഹിത വിദ്യാർത്ഥി സമൂഹം ഉറപ്പാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്ന

ഒരു

ബിൽ

പീഠിക.—സംസ്ഥാനത്ത് ജാതിയുടെയും മതത്തിന്റെയും പേരിലുള്ള സംഘർഷങ്ങൾ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കുറവാണെങ്കിലും മതത്തിന്റെ അടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്നതിനും ജനങ്ങളെ പ്രലോഭിപ്പിച്ച് ചേർക്കുന്നതിനും പല സ്ഥലങ്ങളിലും ശ്രമങ്ങൾ നടക്കുന്നുണ്ട്. നിർഭാഗ്യമെന്ന് പറയട്ടെ നമ്മുടെ വിദ്യാലയങ്ങളിലും ഇത്തരം പ്രവർത്തനങ്ങൾ ചില ഗൂഢ ശക്തികൾ തുടങ്ങിക്കഴിഞ്ഞു. ഇത് മുളയിലേ തടയേണ്ടത് അത്യാവശ്യമായിരിക്കുന്നതിനാൽ ഇന്ത്യൻ റിപ്പബ്ലിക്കിന്റെ എഴുപത്തി അഞ്ചാം സംവൽസരത്തിൽ താഴെപ്പറയുന്ന പ്രകാരം നിയമം നിർമ്മിക്കുന്നു.

1. ചുരുക്കപ്പേരും വ്യാപ്തിയും.—(1) ഈ നിയമം "2024 -ലെ കേരള വിദ്യാർത്ഥികളുടെ രേഖകളിൽ ജാതി, മതം രേഖപ്പെടുത്തുന്നത് ഒഴിവാക്കി ജാതി രഹിത വിദ്യാർത്ഥി സമൂഹം ഉറപ്പാക്കൽ ബിൽ" എന്ന പേരിൽ അറിയപ്പെടുന്നതാണ്.

2) ഈ നിയമത്തിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

3) കേരള സർക്കാർ ഗസറ്റ് വിജ്ഞാപനം മൂലം നിശ്ചയിക്കുന്ന തീയതി മുതൽ ഈ നിയമം പ്രാബല്യത്തിൽ വരുന്നതാണ്.

2.നിർവ്വചനങ്ങൾ.—ഈ ബില്ലിൽ സന്ദർഭം മറ്റുവിധത്തിൽ നിർവ്വചിക്കപ്പെടാത്ത പക്ഷം,—

1) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാക്കുന്നു;

2) "സംസ്ഥാനം"എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാക്കുന്നു;

3) "വകുപ്പ് "എന്നാൽ ഈ ആക്ട് പ്രകാരം ഉണ്ടാക്കിയ ചട്ടങ്ങൾ അനുസരിച്ച് കേരള സർക്കാർ പുറപ്പെടുവിക്കുന്ന വിജ്ഞാപനം എന്നർത്ഥമാക്കുന്നു;

4) "നിർണ്ണയിക്കപ്പെട്ട് "എന്നാൽ ഈ ആക്ട് പ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾ പ്രകാരം നിർണ്ണയിക്കപ്പെട്ടത് എന്നർത്ഥമാക്കുന്നു;

5) "വിദ്യാർത്ഥി" എന്നാൽ കേരളത്തിലെ ഏതു തലത്തിൽപ്പെട്ട വിദ്യാഭ്യാസ സ്ഥാപനത്തിലും പഠിക്കുന്നതോ പരിശീലനം നേടുന്നതോ ആയ ആൾ എന്നർത്ഥമാക്കുന്നു;

6) "രേഖകൾ" എന്നാൽ വിദ്യാലയങ്ങളിലെ രജിസ്റ്റർ, അപേക്ഷാഫോറങ്ങൾ, സർട്ടിഫിക്കറ്റുകൾ തുടങ്ങി വിദ്യാഭ്യാസ കാലഘട്ടത്തിലെ എല്ലാ രേഖകളും ഉൾപ്പെടുന്നതാകുന്നു.

3. ജാതിയും മതവും രേഖപ്പെടുത്തുന്നില്ല എന്ന് ഉറപ്പാക്കുന്നത് സംബന്ധിച്ച്.—(1) വിദ്യാർത്ഥികളുടെ അപേക്ഷാ ഫോറത്തിൽ ജാതി, മതം രേഖപ്പെടുത്തുന്നതിനുള്ള ഭാഗം ഒഴിവാക്കി പുതിയ അപേക്ഷാ ഫോറങ്ങൾ തയ്യാറാക്കേണ്ടതാണ്.

2) അപേക്ഷാ ഫോറങ്ങളിലും, സ്കൂൾ, കോളേജ് ഉൾപ്പെടെ എല്ലാ വിദ്യാലയങ്ങളിലെയും രജിസ്റ്ററുകൾ, സർട്ടിഫിക്കറ്റുകൾ എന്നിവയിലും ജാതി, മതം എന്നിവ രേഖപ്പെടുത്തുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്.

3) സർക്കാർ വിദ്യാലയങ്ങളിൽ അതാത് വിദ്യാലയത്തിന്റെ മേധാവിയെ ആ സ്ഥാപനത്തിലെ വിദ്യാർത്ഥികളുടെ രേഖകളിൽ ജാതി, മതം എന്നിവ രേഖപ്പെടുത്തുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിന് നിയോഗിക്കാവുന്നതാണ്.

4) സർക്കാർ ഇതര വിദ്യാലയങ്ങളിലെ മേൽനോട്ടം ബന്ധപ്പെട്ട AEO/DEO ജില്ലാ ഓഫീസർ നിർവ്വഹിക്കേണ്ടതാണ്.

5) ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ അല്ലെങ്കിൽ സമാന രീതിയിലുള്ള ഒരു ഉദ്യോഗസ്ഥനെ ജില്ലാ നോഡൽ ഓഫീസർ ആയി നിശ്ചയിക്കേണ്ടതും അദ്ദേഹം അല്ലെങ്കിൽ ചുമതലപ്പെടുത്തുന്ന ആൾ മേൽ പരിശോധന നടത്തുന്നതുമാണ്.

4. <u>ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം</u>.—(1) സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുവേണ്ട ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

2) ഇപ്രകാരമുള്ള ചട്ടങ്ങൾ ഉണ്ടാക്കി കഴിഞ്ഞാലുടൻ അടുത്ത നിയമസഭാ സമ്മേളനത്തിൽ അവതരിപ്പിക്കേണ്ടതും, നിയമസഭയുടെ നിർദ്ദേശങ്ങൾ അനുസരിച്ച് പ്രസ്തുത ചട്ടം നിയമസഭ നിരാകരിച്ചാൽ നടപ്പിലാക്കാൻ പാടില്ലാത്തതുമാണ്. സർക്കാരിന് ഈ നിയമത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് നിലവിലുള്ള ഉദ്യോഗസ്ഥർക്ക് അധികാരം ഏൽപ്പിച്ച് കൊടുക്കുന്നതിനും അധിക ചുമതല നൽകുന്നതിനും അധികാരം ഉണ്ടായിരിക്കും.

5. <u>നിയമം ദുരുപയോഗം ചെയ്യുന്നത് തടയൽ</u>.—

ഈ നിയമപ്രകാരം തന്നിൽ അർപ്പിക്കപ്പെട്ട അധികാരം ദുരുപയോഗം ചെയ്യുന്നതോ, നിർവ്വഹിക്കാതിരിക്കുന്നതോ ആയ ഏതൊരു ഉദ്യോഗസ്ഥനെയും ഒരു വർഷം വരെ തടവും 10,000/- രൂപ വരെ പിഴയും നൽകി ശിക്ഷിക്കാവുന്നതാണ്.

6. <u>ധനകാര്യമെമ്മോറാണ്ടം</u>.—

ഈ ബില്ലിന്റെ വ്യവസ്ഥകൾ പ്രകാരമുള്ള പദ്ധതികൾ നടപ്പിലാക്കാൻ സർക്കാരിന് സഞ്ചിത നിധിയിൽ നിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല. എന്നാൽ കുറ്റക്കാർക്കെതിരെ ചുമത്തുന്ന പിഴ സർക്കാരിന് വരുമാനം ഉണ്ടാക്കുന്നതുമാണ്.

7. <u>ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം</u>.—

ഈ ബില്ലിലെ വകുപ്പ് 4-ലെ വ്യവസ്ഥകൾ പ്രകാരം സർക്കാരിന് ഗസറ്റ് വിജ്ഞാപനത്തിലൂടെ ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്. ആയത് നിയമസഭയുടെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയവും ഭരണപരമായ സ്വഭാവത്തോടു കൂടിയതുമാണ്. ആയതിനാൽ ഏൽപ്പിച്ചു കൊടുക്കപ്പെട്ട നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടു കൂടിയതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

ജാതിയുടെയും മതത്തിന്റെയും പേരിൽ സംഘം ചേരലും സംഘർഷവും രാജ്യത്ത് ശക്തമായി വരുന്നു. നമ്മുടെ കൊച്ചു കേരളത്തിലും അത്തരം പ്രവർത്തനങ്ങൾ ചെറുതായെങ്കിലും വളർന്നു വരുന്നു എന്നത് ആശങ്കാ ജനകമാണ്. വിദ്യാലയങ്ങളിൽ മതത്തിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥി സംഘടനകളുടെ സംഘം ചേരലും രൂപം കൊണ്ടുവരുന്നു. വർഗ്ഗീയ വിഷം കുട്ടികളിൽ കുത്തിവയ്ക്കുന്നതിന് ഗൂഢമായ ശ്രമങ്ങളാണ് നടന്നു വരുന്നത്. കലാലയങ്ങൾ കുരുതിക്കളങ്ങളാകാൻ ഒരിക്കലും അനുവദിച്ചുകൂടാ. വളരുന്ന വിദ്യാർത്ഥികളാണ് നാടിന്റെ നാളത്തെ സമ്പത്ത്. അതിന് കോട്ടം തട്ടാതെ സൂക്ഷിക്കേണ്ടത് നമ്മുടെ കടമയാണ്. അതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ അടിസ്ഥാന വിദ്യാലയങ്ങളിൽ നിന്നും തന്നെ തുടങ്ങണം. സൂക്ഷ്മവും ശ്രദ്ധയും കരുതലും വേണ്ട പ്രവർത്തനങ്ങളാണ് ഈ കാര്യത്തിൽ വേണ്ടത്.

വിദ്യാലയങ്ങൾ കുരുതിക്കളങ്ങളാകാതെയും വർഗ്ഗീയത വിദ്യാലയങ്ങളിൽ വളരാതിരിക്കുകയും ചെയ്യുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ അടിയന്തരമായി തുടങ്ങണം. ഈ ലക്ഷ്യം പൂർത്തീകരിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

വി. ആർ. സുനിൽ കുമാർ, എം. എൽ. എ.